3. സംസ്ഥാനത്ത് നിലവിലുള്ളതും പുതുതായി നിർമ്മിക്കപ്പെടുന്നതുമായ ആക്റ്റുകളും ചട്ടങ്ങളും നിയമവകുപ്പിന്റെ വെബ്സൈറ്റിലൂടെ ലഭ്യമാക്കുന്ന പദ്ധതിയായ ലാപോർട്ടലിന്റെ കീഴിൽ ഏകദേശം ആയിരത്തോളം നിയമങ്ങൾ ഡിജിറ്റൈസ് ചെയ്ത് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഓർഡിനൻസുകളും ഗവൺമെന്റ് ഉത്തരവുകളും പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ലാ ഇൻഫർമേഷൻ മാനേജ്മെന്റ് സംവിധാനത്തിലെ 'Knowledge Bank'-ൻ കീഴിൽ വിവിധ ഹൈക്കോടതികളുടേയും സുപ്രീം കോടതിയുടേയും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള 2009 വരെയുള്ള എല്ലാ വിധിന്യായങ്ങളും ഡിജിറ്റൈസ് ചെയ്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര നിയമങ്ങളും സംസ്ഥാന നിയമങ്ങളും ചട്ടങ്ങളും വിജ്ഞാപനങ്ങളുമെല്ലാം ഡിജിറ്റൈസ് ചെയ്യുന്നുണ്ട്. ഇത്തരത്തിൽപ്പെട്ട ഒരു വൻശേഖരം തന്നെയുള്ളതിനാൽ മുൻഗണനാക്രമത്തിലാണ് ഇവയുടെ ഡിജിറ്റൈസേഷൻ നടക്കുന്നത്.

(സി) കേന്ദ്ര നിയമങ്ങൾ, സംസ്ഥാന നിയമങ്ങൾ, ചട്ടങ്ങൾ, വിജ്ഞാപനങ്ങൾ തുടങ്ങി എല്ലാ നിയമരേഖകളും ഡിജിറ്റൈസ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) നടപ്പുവർഷം നിലവിൽ വരുന്ന നിയമങ്ങൾ കൂടി ഉൾപ്പെടുത്തി എല്ലാംതന്നെ ഇത്തരത്തിൽ ഡിജിറ്റൈസ് ചെയ്യാൻ കഴിയുമെന്ന് കരുതുന്നു.

കെൽട്രോണിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

29 (*539) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. ആർ സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിന്റെ പ്രവർത്തനം മെച്ചപ്പെടുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ വന്നശേഷം കെൽട്രോണിന്റെ ഉല്പാദനം എത്ര കോടിയായി വർദ്ധിച്ചിട്ടുണ്ട് ;

(സി) കെൽട്രോണിന്റെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ഡി) കെൽട്രോൺ പുതുതായി ഏതെല്ലാം പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട് ;

(ഇ) കേന്ദ്ര സർക്കാരിന്റെ എത്ര കോടിരൂപയുടെ ഓർഡറുകൾ കെൽട്രോണിന് നേടാൻ കഴിഞ്ഞിട്ടുണ്ട് ;

(എഫ്) വിദേശരാജ്യങ്ങളിൽ നിന്നും ഓർഡറുകൾ ലഭിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) കമ്പനിയുടെ ഇപ്പോഴത്തെ സാമ്പത്തിക നില വ്യക്തമാക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി, (ശ്രീ. എളമരം കരീം) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെൽട്രോണിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കൺസോർഷ്യം ബാങ്കുകൾക്ക് കൊടുത്തുതീർക്കുവാനുണ്ടായിരുന്ന 307.03 കോടി രൂപ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ 57.85 കോടി രൂപ നൽകി തീർപ്പാക്കി. കെൽട്രോണിൽ 'സ്വയം വിരമിക്കൽ പദ്ധതി ' നടപ്പാക്കാനായി KIRF Board -ൽ നിന്നും വായ്പയെടുത്ത തുകയുടെ പലിശയായ 8.70 കോടി രൂപ സർക്കാർ ഉപേക്ഷിക്കുകയും വായ്പയെടുത്ത തുകയിൽ 5 കോടി രൂപ KIRF Board -ൽ തിരിച്ചടയ്ക്കുകയും ചെയ്തു. സർക്കാർ ലോണിന്റെ പലിശ 5 വർഷത്തേയ്ക്ക് മരവിപ്പിച്ചു. 11.8 കോടി രൂപ Share Pending allotment -ആക്കി മാറ്റി. കെൽട്രോണിന്റെ കണ്ണൂരിലുള്ള നാല് യൂണിറ്റുകൾ ലയിപ്പിച്ച് ഒന്നാക്കി. കെൽട്രോണിനെ 5 വർഷത്തിനുള്ളിൽ 1000 കോടി രൂപ വിറ്റുവരവുള്ള ഒരു സ്ഥാപനമാക്കി മാറ്റുന്നതിന് 'വിഷൻ പ്ലാൻ' തയ്യാറാക്കാൻ ഒരു കൺസൾട്ടൻസിയെ ചുമതലപ്പെടുത്തി. വർഷങ്ങളായി നടപ്പാക്കാതിരുന്ന വേതന പരിഷ്ക്കരണം നടപ്പിലാക്കി.

(ബി) കെൽട്രോണിന്റെ ഉല്പാദനം 2006-07-ലെ 65.21 കോടിയിൽ നിന്നും 2009-10-ൽ 93.63 കോടിയായി വർദ്ധിച്ചിട്ടുണ്ട്.

(സി) കെൽട്രോണിന്റെ നവീകരണത്തിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്:-

1. ഇന്ത്യൻ നേവിക്ക് ആവശ്യമായ സോണാർ സിസ്റ്റംസ് നിർമ്മിക്കുന്നതിനായി NPOL-മായി ഉടമ്പടി ഒപ്പുവയ്ക്കുകയും ഇതിനായുള്ള അടിസ്ഥാന സൗകര്യം അരൂരിലെ കെൽട്രോൺ കൺട്രോൾസിൽ നടപ്പാക്കിവരുന്നു.

2. ആധുനിക സാങ്കേതിക വിദ്യയുടെ മുഖ്യഘടകമായ SMT സംവിധാനം കെൽട്രോൺ മൂടാടിയിൽ സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചു.

3. ISRO -യുടെ പ്രവർത്തനങ്ങളിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി കെൽട്രോണും ISRO-യും ഒരു കരാറിൽ ഒപ്പിട്ടു. വരുംകാലങ്ങളിൽ കെൽട്രോണിന്റെ പങ്കാളിത്തം വർദ്ധിക്കുന്നതാണ്.

4. വളരെ തൊഴിൽ സാധ്യതകളുള്ള ഐ.ടി. ട്രെയിനിംഗ് കോഴ്സുകൾ ആരംഭിക്കാൻ നവീന നോളജ് സെന്ററുകൾ തിരുവനന്തപുരത്തും കുറ്റിപ്പുറത്തും സ്ഥാപിച്ചു പ്രവർത്തിച്ചുവരുന്നു.

(ഡി) 12 കോടി രൂപ മുതൽ മുടക്കിൽ ഒരു 'ടൂൾ റൂം സെന്റർ ' കുറ്റിപ്പുറത്ത് കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡിനു സമീപം കെൽട്രോണിന്റെ ഉടമസ്ഥതയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ സർക്കാരിന്റെ കാലത്ത് ഇൻഡ്യൻ നേവിക്കുവേണ്ടി PBGM, EM LOG, ECHO SOUNDER, RTU എന്നിവ നിർമ്മിച്ചു നൽകുന്നതിന് 136.52 കോടി രൂപയുടെ ഓർഡറുകൾ ലഭിച്ചിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി) കഴിഞ്ഞ മൂന്നുവർഷത്തെ കമ്പനിയുടെ ലാഭം ചുവടെ ചേർക്കുന്നു:-

2007-08: 5.16 കോടി രൂപ ലാഭം.

2008-09: 4.66 കോടി രൂപ നഷ്ടം.

2009-10: 11.02 കോടി രൂപ ലാഭം.

മൂവാറ്റുപുഴവാലി ജലസേചന പദ്ധതി

30 (*540) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ്:
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴവാലി ജലസേചന പദ്ധതി എന്നാണ് നിലവിൽ വന്നത് ; ഈ പദ്ധതിയുടെ പ്രയോജനം ഏതെല്ലാം ജില്ലകൾക്ക് ലഭിക്കുന്നു ; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ എത്ര കിലോമീറ്റർ ദൈർഘ്യത്തിൽ കനാലുകൾ നിർമ്മിക്കാനാണ് പദ്ധതിയിട്ടിരുന്നത് ; വ്യക്തമാക്കാമോ ;

(സി) ഇതിനോടകം എത്ര കിലോമീറ്റർ നീളത്തിൽ കനാലുകൾ നിർമ്മിച്ചു ;

(ഡി) ശേഷിക്കുന്ന ഭാഗം കനാലിന്റെ നിർമ്മാണം എന്നു പൂർത്തീകരിക്കാൻ കഴിയും ; ആയതിലേക്ക് വേണ്ടിവരുന്ന തുകയെത്രയാണ് ;

(ഇ) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി എത്ര തുക നീക്കിവച്ചു ; വിശദാംശങ്ങൾ നൽകുമോ ?

ജലവിഭവ വകുപ്പുമന്ത്രി: (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ) 1974-ലാണ് മൂവാറ്റുപുഴവാലി ജലസേചന പദ്ധതി നിലവിൽ വന്നത്. എറണാകുളം, ഇടുക്കി, കോട്ടയം ജില്ലകൾക്ക് പ്രയോജനം ലഭിക്കുന്നു.

(ബി) 65.34 കിലോമീറ്റർ നീളത്തിൽ ഇടതുവലതു പ്രധാന കനാലുകളും 57.154 കിലോമീറ്റർ നീളത്തിൽ ശാഖാ കനാലുകളും 245.692 കിലോമീറ്റർ നീളത്തിൽ ഉപകനാലുകളും നിർമ്മിക്കാനാണ് പദ്ധതിയിട്ടിരുന്നത്.

(സി) ഇടതുവലതുകര പ്രധാന കനാലുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly